നമ്പർ : ICPS 2/22927/2015

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 30/12/2015

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി ദിനാചരണം - 2015 വർഷത്തിൽ ചിൽഡ്രൻസ് ഹോമുകളിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ് +2 പരീക്ഷയെഴുതി പാസ്സായ കുട്ടികൾക്ക് ഉപഹാരം നൽകുന്നത് സംബന്ധിച്ച്.

സൂചന : ഈ ഓഫീസിൽ നിന്നും 10/12/2015-നു നൽകിയ ഇതേ നമ്പർ സർക്കുലർ.

2016 ജനുവരി 7.8.9 തീയതികളിൽ കോഴിക്കോട് വെച്ച് നടത്തുന്ന ഈ വർഷത്തെ സാമൂഹ്യ നീതി ദിനാഘോഷത്തിൻെറ ഭാഗമായി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിലെ എസ്.എസ്.എൽ.സി, പ്ലസ് 2 പാസ്സായി ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികൾക്ക് ഉപഹാരം നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിരുന്നു. 09.12.2015 വൈകിട്ട് 3 മണിക്കുള്ള സമാപന സമ്മേളനത്തിൽ വെച്ചാണ് ഉപഹാരങ്ങൾ നൽകുന്നത്. വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിൽ നിന്ന് 2015 വർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ് 2 പാസ്സായ കുട്ടികളെ (ഈ ഓഫീസിലേയ്ക്ക് അയച്ചു തന്ന ലിസ്റ്റ് പ്രകാരം) ഉപഹാരം സ്വീകരിക്കുന്നതിനായി സ്ഥാപന സൂപ്രണ്ടുമാർ കൃത്യസമയത്ത് എത്തിക്കേണ്ടതാണ്. താമസസൗകര്യം ആവശ്യമുള്ളവർ മുൻകൂട്ടി കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസറെ വിവരം അറിയിക്കേണ്ടതാണ്. കുട്ടികളെ സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവിനാവശ്യമായ തുക സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടിലെ മിസ്സല്ലേനിയസ് എന്ന കമ്പോണൻറിൽ നിന്നും വഹിക്കാവുന്നതാണ്. അർഹരായ കുട്ടികൾ കൂടുതലുണ്ടെങ്കിൽ വാഹനം വാടകയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് അടിയന്തിരമായി ഈ കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ. ചിൽഡ്രൻസ് ഹോം
സൂപ്രണ്ടുമാർക്കും

പകർപ്പ്

1. ജില്ലാ സാമൂഹ്യ നീതി ഓഫീസർ
   കോഴിക്കോട്
2. ഐ.സി.പി.സി-4
3. സ്റ്റോക്ക് ഫയൽ